(ബി) പ്രസ്തുത വാഹനാപകടങ്ങളുടെയും ട്രാഫിക് കുറ്റകൃത്യങ്ങളുടെയും ബാഹുല്യവും വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കും കണക്കിലെടുത്ത് അനുകൂല റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും എം.സി. റോഡും ദേശീയപാതയും സംഗമിക്കുന്ന അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുകയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതായതിനാൽ ഈ സാമ്പത്തിക വർഷം പരിഗണിക്കാൻ നിർവ്വാഹമില്ല. പുതിയതായി തുടങ്ങേണ്ടുന്ന പോലീസ് സ്റ്റേഷനുകളുടേയും ട്രാഫിക് പോലീസ് സ്റ്റേഷനുകളുടേയും മറ്റും മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ജനമൈത്രി സുരക്ഷ പദ്ധതി സംബന്ധിച്ച് സെമിനാർ

215 (2087) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി നിയമ വിരുദ്ധമായി അമിത പലിശയ്ക്ക് പണം നൽകുന്നവരെ നേരിടുന്നതിനെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത് എന്തെല്ലാം വിഷയങ്ങളാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സെമിനാറിൽ പങ്കെടുത്തിട്ടുള്ളത് ഏതെല്ലാം വിഭാഗങ്ങളിൽ നിന്നുള്ളവരാണ് ; വ്യക്തമാക്കാമോ ;

(ഡി) സെമിനാറിൽ ചർച്ചചെയ്ത വിഷയങ്ങളുടെ കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 29-5-2014-ൽ തിരുവനന്തപുരം കനകക്കുന്ന് പാലസ് ഹാളിൽ വച്ച് കേരളത്തിലെ മുഴുവൻ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലേയും തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർക്കായി ബ്ലേഡ് മാഫിയാ പ്രവർത്തനങ്ങൾക്കെതിരെ ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് എറണാകുളത്ത് വച്ച് എറണാകുളം സിറ്റി ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ 2014 ജൂൺ 6-ാം തീയതിയിൽ മറ്റൊരു സെമിനാർ കൂടി സംഘടിപ്പിക്കുകയുണ്ടായി.

(ബി) വായ്പ, സാമ്പത്തിക തട്ടിപ്പുകാർ, അനധികൃത ചിട്ടി ഫണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമസാധുതകൾ ബ്ലേഡ് മാഫിയ അമർച്ച ചെയ്യുന്നതിൽ ജനമൈത്രി പോലീസിന്റെ പങ്ക്, പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വരുത്തിയിരിക്കുന്ന വ്യവസ്ഥകൾ, ഗവൺമെന്റ്/ഗവൺമെന്റ് അംഗീകൃത പണമിടപാട് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിവിധ വായ്പാ സൗകര്യങ്ങൾ, ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ, പരിണിതഫലങ്ങൾ, അവയ്ക്കെതിരെ പൊതുസമൂഹം സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നീ വിഷയങ്ങളെപ്പറ്റിയാണ് സെമിനാർ ചർച്ച ചെയ്യപ്പെട്ടത്.

(സി) ബീറ്റ് ഓഫീസർമാർ (6), കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർ (220), ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാർ (10), ജനമൈത്രി ജില്ലാ നോഡൽ ഓഫീസർമാർ/ജില്ലാ പോലീസ് മേധാവികൾ (25), മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ (14) എന്നിങ്ങനെ ആകെ 275 പോലീസ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, മാധ്യമപ്രതിനിധികൾ എന്നിവരാണ് സെമിനാറിൽ പങ്കെടുത്തത്. കൂടാതെ സാമ്പത്തിക/ബാങ്കിംഗ് മേഖലയിലെ വിഷയങ്ങളെക്കുറിച്ച് അവഗാഹം നേടിയ അഡ്വ. ജി. മോഹൻരാജ്, രജിസ്ട്രേഷൻ ഐ.ജി. ശ്രീ. കൗശികൻ ഐ.എ.എസ്. ശ്രീ. എൻ. ജയകൃഷ്ണൻ (എസ്.ബി.റ്റി.), ശ്രീ. പി. എം. രാജഗോപാൽ (ആർ.ബി.ഐ.), ശ്രീമതി ടാനി തോമസ് (കുടുംബശ്രീ മിഷൻ) തുടങ്ങിയവരും പോലീസ് പ്രവർത്തനങ്ങൾ/സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നീ വിഷയങ്ങളിൽ ശ്രീ. എ. ഹേമചന്ദ്രൻ ഐ.പി.എസ്. (എ.ഡി.ജി.പി., ഇന്റലിജൻസ്), ശ്രീ. റെജി ജേക്കബ് (എ.സി.പി., ഡി.സി.ആർ.ബി.) തുടങ്ങിയ നിരവധി പേർ സെമിനാറിൽ ക്ലാസുകൾ കൈകാര്യം ചെയ്തു. കൂടാതെ മേൽ വിഷയങ്ങളെ സംബന്ധിച്ച് ഒരു ഓപ്പൺ ഹൗസും നടത്തുകയുണ്ടായി. എറണാകുളത്തു വച്ചു നടന്ന സെമിനാറിലും മേൽപ്പറഞ്ഞ വിധത്തിൽ ഏതാണ്ട് 175 പേർ പങ്കെടുത്തു.

(ഡി) സെമിനാറിൽ പങ്കെടുത്ത മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും അവരവരുടെ അധികാരപരിധിയിൽ ബ്ലേഡ് മാഫിയയ്ക്കെതിരെ സത്വരവും തീവ്രവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടപടികളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly